## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4469 25.10. 2016 ൽ മറുപടിക്ക്

### കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ

ചോദ്യം

ശ്രീ.ചിറ്റയം ഗോപകുമാർ

" ആർ.രാമചന്ദ്രൻ

" ഇ.കെ.വിജയൻ

ശ്രീമതി സി.കെ.ആശ

ഉത്തരം

ശ്രീ.കടകംപള്ളി സുരേന്ദ്രൻ

(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനും കെ.എസ്.ഇ.ബി.യുമായി അഭിപ്രായ വ്യത്യാസം നില നില്ക്കുന്നുണ്ടോ, ഉണ്ടെങ്കിൽ ഏതൊക്കെ കാര്യങ്ങളിലാണ് അഭിപ്രായ വ്യത്യാസമുള്ളതെന്ന് അറിയി ക്കമോ; | (എ) റെഗുലേറ്ററി കമ്മീഷൻ 2014 ൽ പുറപ്പെടുവിച്ച താരിഫ് റഗുലേഷൻ ഇലക്ട്രിസിറ്റി നിയമത്തിലേയും , ദേശീയ താരിഫ് നയത്തിലേയും വ്യവസ്ഥകളിൽ നിന്നും, കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മിഷൻ പിൻതുടരുന്ന മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിക്കുന്നതായി ചൂണ്ടിക്കാട്ടി കെ.എസ്. ഇ.ബി. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിയെ സമീപിക്കാനിടയായിട്ടുണ്ട്. കൂടാതെ 2006 ൽ സംസ്ഥാന സർക്കാർ റഗുലേറ്ററി കമ്മീഷന് ഇലക്ട്രിസിറ്റി നിയമത്തിലെ 108 ാം വകുപ്പ് പ്രകാരം നൽകിയ നിർദ്ദേശങ്ങൾ പാലിക്കാതെ കെ.എസ്. ഇ.ബി. യിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കി വരുന്നതും കെ.എസ്. ഇ.ബി. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി)ഇലക്ട്രിസിറ്റി ആക്ടിലെ സെക്ഷൻ 108 പ്രകാരമുള്ള നിർദ്ദേശങ്ങൾ നൽകേണ്ടി വന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കമോ; | (ബി) സംസ്ഥാന സർക്കാരിന്റെ സമ്പൂർണ വൈദ്യുതി കരണ പദ്ധതി 2017 മാർച്ച് 31 ന് മുൻപ് പൂർത്തിയാക്കേണ്ട സാഹചര്യത്തിലും കേന്ദ്ര സർക്കാരിന്റെ " Ease of doing busineess initiative " ന്റെ ഭാഗമായും വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് സപ്ലൈ കോഡ് 2014 ഭേദഗതി വരുത്തുന്നതിന് സംസ്ഥാന റഗുലേറ്ററി കമ്മിഷന് സെക്ഷൻ 108 പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) വ്യവസായ വാണിജ്യ ആവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ നല്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കുന്നതിന് എന്തൊക്കെ മാറ്റങ്ങളാണ് ആലോ ചിക്കുന്നതെന്ന് വ്യക്തമാക്കമോ? | (സി)പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് എല്ലാ വിഭാഗത്തിലുംപെടുന്ന ഉപഭോക്താക്കൾക്കും വൈദ്യുത കണക്ഷൻ ലഭിക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷനോട് ആവശ്യപ്പെട്ടി ട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോ ടൊപ്പം തന്നെ, |

| | |
|---|---|
| | അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുന്നതിനും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി അപേക്ഷകന്റെ കണക്റ്റഡ് ലോഡിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ നൽകേണ്ട തുക കണക്കിലാക്കുന്ന രീതി സ്വീകരിക്കുന്നതിനും 100 കെ.വി.എ-യ്ക്ക് മുകളിൽ കണക്റ്റഡ് ലോഡുള്ള ഉപഭോക്താക്കൾക്ക് മുൻകൂട്ടി അപേക്ഷ നൽകാനുള്ള അവസരം ലഭ്യമാക്കുക എന്നീ നിർദ്ദേശങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. . |

സെക്ഷൻ ഓഫീസർ